## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4555      25.10.2016 -ൽ മറുപടിക്ക്

### വിനോദസഞ്ചാരകേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിൽ അടിക്കടി ഉണ്ടാകുന്ന അപകടമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ അപകടമരണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഇത്തരം കേന്ദ്രങ്ങളിൽ എത്ര അപകടമരണങ്ങൾ സംഭവിച്ചു എന്ന് വ്യക്തമാക്കുമോ; | ബി) വിവരം ശേഖരിച്ചു വരുന്നു. |
| സി) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്തതാണ് അപകടങ്ങൾക്ക് കാരണം എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;<br><br>ഡി) സഞ്ചാരികൾ കൂടുതലായെത്തുന്ന ബീച്ചുകളിലും കായൽമേഖലകളിലും മുന്നറിയിപ്പ് ബോർഡുകൾ | സി) & ഡി) ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലൈഫ് ഗാർഡുകളെയും, ടൂറിസം പോലീസിന്റെയും സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ശ്രദ്ധ വേണ്ടി വരുന്ന മേഖലകളിൽ പരിശോധിച്ച് ആവശ്യമായ ശ്രദ്ധ നൽകുന്നതാണ്. പ്രധാനപ്പെട്ട ബീച്ചുകളിലും കായൽ മേഖലകളിലും സഞ്ചാരികൾക്ക് ആവശ്യ |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്നതിനും, സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | | മായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യകത പരിശോധിച്ച് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ? | ഇ) | പരിശോധിയ്ക്കാവുന്നതാണ്. |

Anuradha

സെക്ഷൻ ഓഫീസർ.